Page 1 of 3

നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി വിഷയത്തിൽ സാങ്കേതിക പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തിക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിവരുന്നു. സാങ്കേതിക പഠന റിപ്പോർട്ടും ഡി.പി.ആർ.-ഉം പൂർത്തിയാക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷന് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക

236(250) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഏതാണ്ട് അറുന്നൂറ്റി അമ്പതോളം സ്ഥാനക്കയറ്റങ്ങൾ നടന്നിട്ടും പ്രസ്തുത തസ്തികയിൽ കമ്പനി ബോർഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 399/17) നിന്നും നിയമനം നടത്തുന്നതിനായി ഒരു പുതിയ ഒഴിവു പോലും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൻപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ 14-9-2017-ന് 60 ഒഴിവുകൾ സ്ഥിരമായും 19-9-2017-ന് 520 ഒഴിവുകൾ പ്രൊവിഷണലായും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊവിഷണൽ ആയി റിപ്പോർട്ട് ചെയ്ത 520 ഒഴിവുകളിൽ 14-8-2019-ന് 200 ഒഴിവുകളും 22-2-2020-ന് 320 ഒഴിവുകളും സ്ഥിര ഒഴിവുകളായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും മേൽ സൂചിപ്പിച്ച 580 (60+520) ഒഴിവുകളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശപ്രകാരം നിയമനം നൽകിയിട്ടുമുണ്ട്. നിലവിൽ അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം, ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ തുടങ്ങിയവ വഴിയും ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഓൺലൈനായും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാനുള്ള സൗകര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സൗകര്യങ്ങളൊക്കെ ലഭിക്കുന്നതുമൂലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഇടപാടുകൾ ഡിജിറ്റലൈസ് ചെയ്യുക എന്ന കേന്ദ്രാവിഷ്കൃത നയം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 15-11-2018-ലെ B.O (FTD) No.1925/2018 D(D&IT)06-AE2/Cashiers/2018-19/6001, 14-12-2018-ലെ B.O. (FTD)/

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

No.1994/2018 D(D&IT)06/AE2/Cashiers/2018-19 എന്നീ ബോർഡ് ഉത്തരവുകൾ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടറുകളുടെ എണ്ണം കുറയ്ക്കുകയും പ്രവർത്തനസമയം പുനഃക്രമീകരിക്കുകയും ചെയ്തു. തുടർന്നും ഓൺലൈനായി വൈദ്യുതി ചാർജ് അടയ്ക്കുന്ന ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയും ചെയ്യുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേതുൾപ്പെടെയുള്ള 2021 കലണ്ടർ വർഷത്തിലുണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് ബോർഡിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത കാലയളവിൽ പ്രസ്തുത തസ്തികയിൽ നടന്ന സ്പോർട്സ് ക്വാട്ടാ നിയമനങ്ങളുടെയും ആശ്രിത നിയമനങ്ങളുടെയും എണ്ണമെത്രയാണെന്നും ഈ തസ്തികയിൽ അവയുടെ അനുവദനീയമായ പരമാവധി ശതമാനമെത്രയാണെന്നും നിലവിൽ ജോലി ചെയ്യുന്നവരുടെ ശതമാനമെത്രയാണെന്നും വ്യക്തമാക്കാമോ?

ടി കാലയളവിൽ സ്പോർട്സ് ക്വാട്ടയിലൂടെ 9 പേർക്കും ആശ്രിത നിയമന വ്യവസ്ഥയിലൂടെ 68 പേർക്കും നിയമനം നൽകി. ഈ തസ്തികയിൽ സ്പോർട്സ് ക്വാട്ട/ആശ്രിത നിയമന വ്യവസ്ഥ എന്നിവ വഴിയുള്ള നിയമനങ്ങളിൽ ശതമാനക്കണക്ക് നിശ്ചയിച്ചിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അപകട മേഖലയായ ഫീൽഡ് തലത്തിൽ ജോലിക്കിടെ ജീവനക്കാർക്ക് ജീവഹാനി സംഭവിക്കുന്നുണ്ട്. അത്തരം ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിതനിയമന വ്യവസ്ഥപ്രകാരം നിയമനം നൽകേണ്ടതായി വരുന്നു. ആയതിനാൽതന്നെ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മറ്റു സർക്കാർ സർവ്വീസിനേക്കാൾ ആശ്രിതനിയമന വ്യവസ്ഥ പ്രകാരമുള്ള നിയമനം കൂടുതലാണ്.

(സി) പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ/വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി. ജീവനക്കാരുടെയും അവരുടെ യഥാർത്ഥ തസ്തികയുടെയും പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ കാര്യാലയങ്ങളിൽ ക്യാഷ് കളക്ഷനുവേണ്ടി ക്യാഷ്യർ വിഭാഗം ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന അടിയന്തിര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കുന്നതിനായി മറ്റുതസ്തികയിലെ ജീവനക്കാരെ താത്ക്കാലികമായി അതത് ഇലക്ട്രിക്കൽ ഡിവിഷൻ കാര്യാലയങ്ങളിൽനിന്നും ക്യാഷ് കളക്ഷനുവേണ്ടി നിയോഗിക്കുന്നുണ്ട്. കൂടാതെ ജോലിക്കിടെ ഗുരുതരമായി അപകടം സംഭവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരെ അവർക്ക് ലൈനിൽ ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ടി ജീവനക്കാരേയും ക്യാഷ് കളക്ഷനുവേണ്ടി താത്ക്കാലികമായി നിയോഗിക്കാറുണ്ട്. ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി. ജീവനക്കാരുടെ പേരും അവരുടെ യഥാർത്ഥ തസ്തിക സംബന്ധിച്ച വിവരവും അനുബന്ധമായി* ചേർക്കുന്നു.

(ഡി) കെ.എസ്.ഇ.ബി. റീ-സ്ട്രക്ചറിംഗ് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്നറിയിക്കാമോ?

കെ.എസ്.ഇ.ബി.-യിലെ റീ-സ്ട്രക്ച്ചറിംഗ് സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ വിശദമായ പരിശോധനയ്ക്കും അഭിപ്രായ രൂപീകരണത്തിനുമായി സ്ഥാപനത്തിലെ രജിസ്റ്റേർഡ് യൂണിയനുകൾക്കും ഓഫീസർ അസോസിയേഷനുകൾക്കും നൽകിയിട്ടുണ്ട്. വിവിധ തലത്തിലുള്ള ചർച്ചകൾക്കുശേഷം നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സർക്കാരിന്റെയും പരിഗണനയ്ക്ക് വിധേയമായി അന്തിമരൂപത്തിലായതിനുശേഷം അംഗീകാരം ലഭിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടു പോകാൻ സാധിക്കുന്നതാണ്.

കെ.എസ്.ഇ.ബി. ഫീൽഡ് സ്റ്റാഫ്

237(251) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂലമായ കാലാവസ്ഥയിലും അപകടകരമായ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി.യി.-ലെ ഫീൽഡ് സ്റ്റാഫുകൾക്ക് മതിയായ ഇൻഷ്വറൻസ് പരിരക്ഷ സർക്കാർ ഉറപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുവേണ്ടി ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമരണം സംഭവിക്കുന്ന ബോർഡ് ജീവനക്കാർ/കരാർ തൊഴിലാളിക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് കാലാകാലങ്ങളിൽ പ്രത്യേക ഉത്തരവുകൾ പ്രകാരം ബാധകമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കപ്പെടുന്നതിന് അർഹതയുണ്ട്. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം 7,45,275 രൂപ മുതൽ 17,14,050 രൂപ വരെ ലഭിക്കുന്നതിനും ശവസംസ്കാര ചെലവിനായി 10,000 രൂപ പരേതരുടെ ആശ്രിതർക്ക് ലഭിക്കുന്നതിനും അർഹതയുണ്ട്. Group Personal Accident Insurance പദ്ധതിയിലെ അംഗത്വം പുതുക്കുന്നതിനായി സർക്കാരിന്റെ SLI/GIS

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.